## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 3030

10 .03.2017-ൽ
മറുപടിയ്ക്ക്

# ഭൂമിയുടെ ന്യായവില

**ചോദ്യം**
ശ്രീ. എം. ഉമ്മർ

**മറുപടി**
ശ്രീ. ഇ. ചന്ദ്രശേഖരൻ
റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി

(എ) മലപ്പുറം ജില്ലയിലെ ഏറനാട് താലൂക്കിലെ മഞ്ചേരി നറുകര വില്ലേജുകളിലെ ന്യായവില പുതുക്കി നിശ്ചയിക്കുന്നതിന്റെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(ബി) റവന്യൂ വകുപ്പിന്റെ 08/02/2017-ലെ 468/2017/റവ. ഉത്തരവ് പ്രകാരം ആയതിന്മേൽ ജില്ലാ കളക്ടർ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(സി) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഫെയർ വാല്യൂ നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് എന്തെല്ലാം നടപടികൾ പൂർത്തീകരിക്കേണ്ടതുണ്ട്; വിശദാംശം നൽകുമോ;

(ഡി) പ്രസ്തുത വില്ലേജുകളിലെ ന്യായവില പുനഃക്രമീകരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ) , (ബി), (സി) & (ഡി) 08/02/2017-ലെ ജി. ഒ. (ആർ.റ്റി) 468/2017/റവ. നം. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിലെ ഏറനാട് താലൂക്കിലെ മഞ്ചേരി, നറുകര വില്ലേജുകളിലെ ന്യായവില പുതുക്കി നിശ്ചയിക്കുന്നതിന് മലപ്പുറം ജില്ലാ കളക്ടർ നടപടി സ്വീകരിച്ചിട്ടുണ്ട്. ന്യായവില പുതുക്കുന്നതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം സബ്ഡിവിഷൻ തലത്തിൽ ചേരുവാനും അതിനുശേഷം ബന്ധപ്പെട്ടവരുടെ യോഗം മലപ്പുറം കളക്ടറേറ്റിൽ വച്ച് നടത്തുവാനും തീരുമാനിച്ചിട്ടുണ്ട്. മഞ്ചേരി, നറുകര വില്ലേജുകളിലെ വില്ലേജാഫീസർമാരും, തഹസിൽദാർ, സബ് രജിസ്ട്രാർ എന്നിവരുടെ സഹായത്തോടെ സ്ഥലപരിശോധന നടത്തി കേരള സ്റ്റാമ്പ് (ഫിക്സേഷൻ ഓഫ് ഫെയർ വാല്യു ഓഫ് ലാൻഡ്) റൂൾസ് 1995-ലെ ചട്ടം മൂന്നിലെ വ്യവസ്ഥകൾ പ്രകാരം റവന്യു ഡിവിഷണൽ ഓഫീസർ ഫെയർ വാല്യു നിശ്ചയിച്ച് ചട്ടം 4-ലെ വ്യവസ്ഥകൾ പ്രകാരം വിജ്ഞാപനം ചെയ്യേണ്ടതുണ്ട്.

BN

സെക്ഷൻ ഓഫീസർ